(ബി) ഇവയിൽ ചേലക്കര നിയോജക മണ്ഡലത്തിൽ പുനരുദ്ധരിച്ച പ്രവൃത്തികൾ താഴെ പറയുന്നവയാണ്:

വർഷം	ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം	പൂർത്തീകരിക്കപ്പെട്ട റോഡുകളുടെ എണ്ണം	പ്രവൃത്തിയുടെ പേര്	ചെലവാക്കിയ തുക (ലക്ഷത്തിൽ)	റിമാർക്സ്
2001-2002	2	2	1. എരിക്കുളം-പട്ടിപ്പറമ്പ്റോഡ്	14.00	പ്രവൃത്തി പൂർത്തീകരിച്ചു
			2. പൊട്ടൻകൊട്-പോട്ടകോളനി റോഡ്	22.81	
2002-2003	1	1	പറക്കോട്-മെതുക്ക് റോഡ്	34.55	പ്രവൃത്തി പൂർത്തീകരിച്ചു
2003-2004	2	1	1. പുലാക്കോട്-അടാക്കോട് റോഡ്	31.37	പണി പൂർത്തീകരിച്ചു
			2. ചീരക്കുഴി മിച്ചഭൂമി റോഡ്	8.22	പണി പുരോഗമിക്കുന്നു

കാസർഗോഡ് ജില്ലയിലെ ഐ.ഡബ്ലിയു.ഡി. പ്രോജക്ട്

181 [1120] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ*- താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഐ.ഡബ്ലിയു.ഡി. പ്രോജക്ടിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം കോൺട്രാക്ട് നിയമനങ്ങൾ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് 2-4-2002 തീയതിയിൽ 19689/ആർ & ഐ/5/00/സി.ആർ.സി. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ എന്നും നിർദ്ദിഷ്ട മാർഗ്ഗനിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അറിയിക്കാമോ;

(ബി) മാർഗ്ഗ നിർദ്ദേശങ്ങൾക്കും ഉത്തരവിനും വിധേയമായി കാസർഗോഡ് ജില്ലാ പഞ്ചായത്ത് നടത്തിയ കോൺട്രാക്ട് നിയമനങ്ങൾ റദ്ദാക്കിക്കൊണ്ട് ഗ്രാമ വികസന വകുപ്പ് ഉത്തരവുകളോ, സർക്കുലറോ പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും, ഉണ്ടെങ്കിൽ അതെന്തുകൊണ്ടാണെന്നും അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇങ്ങനെ നിയമനങ്ങൾ റദ്ദ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഐ.ഡബ്ലിയു.ഡി./ടി.എസ്.സി. പ്രോജക്ടുകളുടെ തുടർ പ്രവർത്തനം നടത്തുന്നതിന് എന്ത് ക്രമീകരണങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) — (സി) വിവരം ശേഖരിച്ചുവരുന്നു.

മഞ്ചേരി മണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണ പ്രവർത്തനം

182 [1121] *ശ്രീ. ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനമാണ് അരീക്കോട് ബ്ലോക്ക് ഏറ്റെടുത്തിട്ടുള്ളത് എന്നു വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കും എന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) & (ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു†.

നബാർഡ് സ്കീമിലുൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച അറുവച്ചാംകുഴി-ഇടകടത്തി റോഡ്

183 [1122] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാറ്റി ബ്ലോക്ക് പഞ്ചായത്ത് നബാർഡ് സ്കീമിലുൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച അറുവച്ചാംകുഴി-ഇടകടത്തി റോഡിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) നിർമ്മാണം പൂർത്തീകരിക്കേണ്ടത് എന്നത്തേക്ക് എന്ന് വ്യക്തമാക്കാമോ;

(ഡി) നിർമ്മാണം പൂർത്തീകരിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) ഈ റോഡു നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly